## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3842

19-02-2013 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ്: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ നവീകരണ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) വകുപ്പിന്റെ നവീകരണത്തിനായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചു; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന്, 01-06-2011 മുതൽ 31-12-2012 വരെ, എക്സൈസ് വകുപ്പിന്റെ നവീകരണത്തിനായി, താഴെ പറയും പ്രകാരം, ആകെ 3,46,18,757 /- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>01-06-2011 മുതൽ 31-03-2012 വരെ - 2,71,08,869/- രൂപ<br>01-04-2012 മുതൽ 31-12-2012 വരെ - 75,09,888/- രൂപ |
| സി) എത്ര തുകയുടെ ടോർച്ച് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട് ; ഇവയിൽ എത്ര എണ്ണം നിലവിൽ പ്രവർത്തനക്ഷമമായിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ആകെ 16,46,100/-രൂപ ചെലവഴിച്ചാണ് ടോർച്ച് ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. നാളിതുവരെ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം, ആകെ 5 ടോർച്ചുകൾ ഒഴികെ മറ്റുള്ളവയുടെ പ്രവർത്തനക്ഷമതയ്ക്ക് തകരാർ സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. തകരാർ വന്നതായി റിപ്പോർട്ട് ചെയ്ത മേൽ 5 ടോർച്ചുകളും വാറന്റി പ്രകാരം റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. |
| ഡി) പ്രസ്തുത ടോർച്ച് ലൈറ്റുകൾ ഏതു കമ്പനിയുടേതാണ് ; | ഡി) | ശ്രീശക്തി ഇൻഡസ്ട്രിയൽസ്, 225/91, 7th Main Road, Prakash Nagar, Banglore - 560 021 എന്ന കമ്പനിയിൽ നിന്നാണ് പ്രസ്തുത ടോർച്ച് ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. |

(മറുപുറം)

ഇ) ടോർച്ച് ലൈറ്റ് പർച്ചേസ് കമ്മിറ്റിയിൽ ആരൊക്കെയുണ്ടെന്ന് വിശദമാക്കാമോ ;

ഇ) അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) ചെയർമാനും, ഫിനാൻസ് ആഫീസർ (എക്സൈസ്) കൺവീനറും, ജോയിന്റ് എക്സൈസ് കമ്മീഷണർ (IAW) , അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (IAW) എന്നിവർ അംഗങ്ങളുമായ വകുപ്പിലെ പർച്ചേസ് കമ്മിറ്റിയാണ് ടോർച്ച് ലൈറ്റ് പർച്ചേസ് നടപടികൾ കൈക്കൊണ്ടത്.

എഫ്) വില, കമ്പനിയുടെ പേര് എന്നിവ രേഖപ്പെടുത്താത്ത എത്ര തുകയുടെ എന്തൊക്കെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് ; വാങ്ങിയ സാധനങ്ങളുടെ ക്വട്ടേഷൻ വിവരങ്ങൾ വിശദമാക്കാമോ ?

എഫ്) വില, കമ്പനിയുടെ പേര് എന്നിവ രേഖപ്പെടുത്താത്ത ആകെ 31,71,471/- രൂപയുടെ ഉപകരണങ്ങൾ താഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

| | | |
|---|---|---|
| 1. റിഫ്ലക്ടീവ് ജാക്കറ്റ് | - | 3,91,192/- രൂപ |
| 2. സെർച്ച് ലൈറ്റ് (ടോർച്ച്) | - | 16,46,100/- രൂപ |
| 3. ഹാൻഡ് കഫ് | - | 6,72,642/- രൂപ |
| 4. ഹെൽമറ്റ് | - | 4,61,537/- രൂപ |

ബ്രാന്റോ, ബ്രാന്റുകളോ കാണിച്ച് ടെണ്ടർ വിളിക്കുന്നത്, സ്റ്റോർ പർച്ചേസ് മാന്വലിന്, ആയതിന്റെ പാര 24(ബി) (IV) പ്രകാരം, വിരുദ്ധമാണ്. 29-01-2012 ലെ 12/എ2/2010/ എസ്.പി.ഡി നമ്പർ സർക്കാർ സർക്കുലർ അടിസ്ഥാനപ്പെടുത്തിയാണ് മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കൈക്കൊണ്ടത്. ആയതിലെ ക്വട്ടേഷൻ വിവരങ്ങൾ, അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. റിഫ്ളക്ടീവ് ജാക്കറ്റ് - 891 എണ്ണം

| ടെണ്ടർ സമർപ്പിച്ച കമ്പനിയുടെ പേര് | ക്വാട്ടുചെയ്ത വില | | ക്വട്ടേഷൻ സ്വീകരിച്ച കമ്പനിയുടെ പേരും വിലയും |
|---|---|---|---|
| | യൂണിറ്റ് വില | ആകെ വില | |
| ശ്രീ ഭഗവതി ഇൻഡസ്ട്രീസ്, തിരുവനന്തപുരം | 439.05/-രൂപ | 3,91,194/-രൂപ | ശ്രീ ഭഗവതി ഇൻഡസ്ട്രീസ്, തിരുവനന്തപുരം<br>3,91,194/- രൂപ |

2. സെർച്ച് ലൈറ്റ് (ടോർച്ച്) - 620 എണ്ണം

| ടെണ്ടർ സമർപ്പിച്ച കമ്പനിയുടെ പേര് | ക്വാട്ടുചെയ്ത വില | | ക്വട്ടേഷൻ സ്വീകരിച്ച കമ്പനിയുടെ പേരും വിലയും |
|---|---|---|---|
| | യൂണിറ്റ് വില | ആകെ വില | |
| ശ്രീ ശക്തി ഇൻഡസ്ട്രീസ്, ബാംഗ്ലൂർ | 2,655/-രൂപ | 16,46,100/-രൂപ | ശ്രീ ശക്തി ഇൻഡസ്ട്രീസ്, ബാംഗ്ലൂർ<br>16,46,100/-രൂപ |

3.ഹാൻഡ് കഫ് (കൈയ്യാമം) - 420 എണ്ണം

| ടെണ്ടർ സമർപ്പിച്ച കമ്പനിയുടെ പേര് | യൂണിറ്റ് വില | ആകെ വില | |
|---|---|---|---|
| ശ്രീ ഭഗവതി ഇൻഡസ്ട്രീസ്, തിരുവനന്തപുരം | 1601.53/ രൂപ | 6,72,643/-രൂപ | ശ്രീ ഭഗവതി ഇൻഡസ്ട്രീസ്, തിരുവനന്തപുരം<br>6,72,643/- രൂപ |

4. ഹെൽമറ്റ് - 600 എണ്ണം

| ടെണ്ടർ സമർപ്പിച്ച കമ്പനിയുടെ പേര് | ക്വാട്ടുചെയ്ത വില | | ക്വട്ടേഷൻ സ്വീകരിച്ച കമ്പനിയുടെ പേരും വിലയും |
|---|---|---|---|
| | യൂണിറ്റ് വില | ആകെ വില | |
| ഗ്ലോബൽ ഇന്റർ നാഷണൽ , തൃശൂർ | 769.23/ -രൂപ | 4,61,538/-രൂപ | ഗ്ലോബൽ ഇന്റർ നാഷണൽ , തൃശൂർ<br>4,61,538/- രൂപ |

SECTION OFFICER